## അഭ്യർത്ഥന

ആസ്വാദക മനസ്സിനെ പൂർവ്വസ്മൃതികളാൽ തരളിതമാക്കിക്കൊണ്ട് കടുത്ത വരൾച്ചയിലും മലയാള മണ്ണിലേക്ക് ആശ്വാസത്തിന്റെയും ആഹ്ലാദത്തിന്റെയും കുളിരും തണലുമായി കാലം തെറ്റാതെയെത്തുന്നു ഉത്സവങ്ങൾ. നാളിതേവരെ നടന്നുവന്ന ഉത്സവാഘോഷങ്ങളുടെ പ്രൗഢിയും ഗാംഭീര്യവും ഒട്ടും ചോരാതെത്തന്നെ ഇത്തവണ **2019 മെയ് 13,14** എന്നീ ദിവസങ്ങളിൽ ഭൂമിയിലെ ഉത്ക്കൃഷ്ടകാഴ്ചയായ തൃശൂർ പൂരം വരവായി ഏറ്റവും പ്രഗത്ഭരായ വാദ്യകലാകാരന്മാരുടെ കോൽപ്പെരുക്കങ്ങളുടെ താളവിസ്മയങ്ങൾ, കരവിരുതുകളുടെ പൂർണ്ണചാരുതയാർന്ന ആനച്ചമയങ്ങൾ, നാട്ടിലെ ഏറ്റവും മികച്ച ഗജവീരന്മാർ, രാത്രിയെ പകലാക്കുന്ന പ്രകാശ സംവിധാനങ്ങൾ, ആകാശത്തേയ്ക്കുയർന്ന് നിറച്ചാർത്തണിഞ്ഞ പന്തൽ എടുപ്പുകൾ, കരിമരുന്നൊരുക്കുന്ന വർണ്ണാഭമായ വാനവിസ്മയങ്ങൾ എന്നിങ്ങനെ നാനാത്വത്തിൽ ഏകത്വമെന്ന മഹത്തായ ആശയം തൃശൂരിൽ കേരളത്തനിമയുടെയും കലയുടെയും സംസ്കാരത്തിന്റെയും ആസ്വാദകവൃന്ദത്തിന്റെയും സമാഗമത്താൽ സഫലമാകുകയാണ്.

തീർച്ചയായും നിങ്ങൾ ഓരോരുത്തരുടെയും നിർലോഭമായ സഹകരണവും ഉദാരമായ പിന്തുണയും മാത്രമാണ് മലയാൺമയുടെ അഭിമാനമായ ഈ പൂരപ്രപഞ്ചത്തിന്റെ നിലനിൽപ്പും ശക്തിയും എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഈ വർഷത്തെ പൂരവും അതിമഹത്തരമാക്കുന്നതിനു വേണ്ടി അകമഴിഞ്ഞ സാമ്പത്തിക സഹായങ്ങളും സഹകരണങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ സംഭാവനകളും അഭിപ്രായങ്ങളും മാനേജർ, പാറമേക്കാവ് ദേവസ്വം, റൗണ്ട് ഈസ്റ്റ്, തൃശ്ശൂർ 680 001 എന്ന വിലാസത്തിൽ അയക്കുമല്ലോ.

പാറമേക്കാവിലമ്മയുടെ അനുഗ്രഹാശിസ്സുകൾ എപ്പോഴും എല്ലാവരിലും വർഷിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ...

ആഘോഷക്കമ്മറ്റിക്കുവേണ്ടി

**കെ. സതീഷ്മേനോൻ**
(പ്രസിഡണ്ട്)

**ജി. രാജേഷ്**
(സെക്രട്ടറി)

തൃശ്ശൂർ,
13 - 03 - 2019

ഫോൺ : 0487 2331273, 2322334
E.Mail : paramekkavil@gmail.com
info@paramekkavudevaswom.com
Web-site : www.paramekkavudevaswom.com



## An Appeal

Dear Sir/Madam

Thrissur Pooram which is attracting, more and more global attention in recent years, will be celebrated this year with all the splendour and grandeur of a grand mahamela on May 13th Monday & 14th Tuesday 2019.

The three hour unforgettable percussion ensemble of the grand symphony known popularly as 'Elanjithara Melam' on pooram day afternoon, famous Panchavadyam' at pooram night, the dazzling display known as 'Kudamattam' of thirty caprisoned elephants carrying people who flaunt horse-hair and peacock fans and huge, gold laced silk umbrellas against the golden rays of the setting sun and 'Vedikkettu', the enchanting illumination of the night sky with a deafening display of fireworks, are some of the uniques of 'Thrissur Pooram'.

What makes Thrissur Pooram the Mahamela of such sublime grandeur is the great support received from thousands of people and numerous institutions and we take this opportunity to put on record our appreciation of the help rendered by you in the past. We also request you to extend your whole hearted support this year by generous contribution to make Thrissur Pooram a resounding success.

Your donations and valuable suggestions may kindly be sent to the Manager, Paramekkavu Devaswom, Round East, Thrissur 680 001

May Paramekkavu Bhagavathy shower her blessings on all

For Festival Committee

**K. Satiesh Menon**
President

**G. Rajesh**
Secretary

Phone: 0487 2331273, 2322334
E.mail: paramekkavil@gmail.com, info@paramekkavudevaswom.com,
web-site:www.paramekkavudevaswom.com



| | | |
|---|---|---|
| തൃശൂർ പൂരം കൊടിയേറ്റം | : | 07 – 05 – 2019 ചൊവ്വാഴ്ച ഉച്ചയ്ക്ക് 12 മണി |
| ചേറ്റുപുഴ ഇറക്കം | : | 10 – 05 – 2019 വെള്ളിയാഴ്ച രാത്രി 8 മണിക്ക് |
| ചമയം പ്രദർശനം | : | 2019 മെയ് 11, 12 ശനി, ഞായർ ദിവസങ്ങളിൽ |
| സാമ്പിൾവെടിക്കെട്ട് | : | 11 – 05 – 2019 ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് |

## 13-05-2019 തിങ്കളാഴ്ച തൃശൂർ പൂരം

| | | |
|---|---|---|
| തൃശൂർ പൂരം പുറപ്പാട് | : | ഉച്ചക്ക് 12 മണി |
| ഇലഞ്ഞിത്തറ മേളം | : | ഉച്ചക്ക് 2 മണി |
| തെക്കോട്ടിറക്കം, കുടമാറ്റം | : | വൈകീട്ട് 5.00 ന് |
| രാത്രി എഴുന്നള്ളിപ്പ്, പഞ്ചവാദ്യം | : | രാത്രി 10.30 ന് |

## 14.05.2019 ചൊവ്വാഴ്ച പകൽപൂരം

| | | |
|---|---|---|
| വെടിക്കെട്ട് | : | പുലർച്ചെ 3.05 ന് |
| ഉപചാരം ചൊല്ലൽ | : | ഉച്ചയ്ക്ക് 12 മണി |
| ആറാട്ട് | : | വൈകുന്നേരം 5.30 ന് |
| പഞ്ചവാദ്യം | : | വൈകുന്നേരം 6 മണി |
| മേളം, കൊടിയിറക്കം | : | വൈകുന്നേരം 7 മണി |




PARAMEKKAVU DEVASWOM
ദേവി ശരണം
തൃശ്ശൂർ
പൂരം
2019 മെയ് 13, 14
തിങ്കൾ, ചൊവ്വ
പാറമേക്കാവ് ദേവസ്വം